പതിനാലാം കേരള നിയമസഭ

# സ്ത്രീകളുടെയും ട്രാൻസ്ജെന്ററുകളുടെയും കുട്ടികളുടെയും ഭിന്നശേഷിക്കാരുടെയും ക്ഷേമം സംബന്ധിച്ച സമിതി (2019-2021)

## പതിനാലാമത് റിപ്പോർട്ട്

[ സമിതി (1998-2000) യുടെ പത്താമത് റിപ്പോർട്ടിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ട്]

(2021 ജനവരി മാസം 12-ാം തീയതി സമർപ്പിച്ചത്)

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം
2021

പതിനാലാം കേരള നിയമസഭ

# സ്ത്രീകളുടെയും ട്രാൻസ്ജെന്റുകളുടെയും കുട്ടികളുടെയും ഭിന്നശേഷിക്കാരുടെയും ക്ഷേമം സംബന്ധിച്ച സമിതി (2019-2021)

## പതിനാലാമത് റിപ്പോർട്ട്

**[ സമിതി (1998-2000) യുടെ പത്താമത് റിപ്പോർട്ടിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ട്]**

(2021 ജനുവരി മാസം 12-ാം തീയതി സമർപ്പിച്ചത്)

361/2021.

# ഉള്ളടക്കം


| | | പേജ് |
|---|---|---|
| സമിതിയുടെ ഘടന | .. | v |
| ആമുഖം | .. | vii |
| റിപ്പോർട്ട് | .. | 1 |
| അനുബന്ധം I | .. | 21 |

# സമിതിയുടെ ഘടന

<u>അദ്ധ്യക്ഷ</u> :

ശ്രീമതി പി. അയിഷാ പോറ്റി

<u>അംഗങ്ങൾ</u> :

ശ്രീ. അബ്ദുൽ ഹമീദ് . പി.

ശ്രീമതി സി. കെ. ആശ

ശ്രീ. വി. ടി. ബൽറാം

ഡോ. എൻ. ജയരാജ്

ശ്രീമതി യു. പ്രതിഭ

ശ്രീ. സജി ചെറിയാൻ

ശ്രീമതി വീണാ ജോർജ്ജ്

ശ്രീ. ഇ. കെ. വിജയൻ

<u>നിയമസഭാ സെക്രട്ടേറിയറ്റ്</u> :

ശ്രീ. എസ്. വി. ഉണ്ണികൃഷ്ണൻ നായർ, സെക്രട്ടറി

ശ്രീ. ഷാനവാസ് പി.പി., ജോയിന്റ് സെക്രട്ടറി

ശ്രീ. റ്റി. എസ്. പ്രേമാനന്ദ്., ഡെപ്യൂട്ടി സെക്രട്ടറി

ശ്രീമതി ഷീബാ വർഗീസ്, അണ്ടർ സെക്രട്ടറി

ശ്രീ. പി. ആർ. മുരളീധരൻ, അണ്ടർ സെക്രട്ടറി.

## ആമുഖം

സ്ത്രീകളുടെയും ട്രാൻസ്ജെന്ററുകളുടെയും കുട്ടികളുടെയും ഭിന്നശേഷിക്കാരുടെയും ക്ഷേമം സംബന്ധിച്ച സമിതി അദ്ധ്യക്ഷയായ ഞാൻ, സമിതി അധികാരപ്പെടുത്തിയതനുസരിച്ച് സമിതിയുടെ പതിനാലാമത് റിപ്പോർട്ട് സമർപ്പിക്കുന്നു.

പീഡനത്തിനും ചൂഷണത്തിനും ഏറ്റവും അധികം വിധേയരാകുന്ന ആദിവാസി സ്ത്രീകളുടെ ദുരവസ്ഥ ശ്രദ്ധയിൽപ്പെട്ട സമിതി (1998-2000), അവിവാഹിത അമ്മയായ സുൽത്താൻബത്തേരിയിലെ മാതി എന്ന ആദിവാസി യുവതിയുടെ പരാതിയുടെയും അതിന്മേൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥരുമായി നടത്തിയ ചർച്ചയുടെയും ഗവൺമെന്റ് ലഭ്യമാക്കിയ അന്വേഷണ റിപ്പോർട്ടുകളുടെയും അടിസ്ഥാനത്തിൽ സംസ്ഥാനത്തെ വിവിധ ആദിവാസി കേന്ദ്രങ്ങളിലുള്ള അവിവാഹിത അമ്മമാരെ പുനരധിവസിപ്പിക്കുന്നതിനും പുനരുദ്ധരിക്കുന്നതിനും സ്വീകരിക്കേണ്ട നടപടികളും ശിപാർശകളും ഉൾക്കൊള്ളിച്ചുകൊണ്ട് സമിതി (1998-2000)-യുടെ പത്താമത് റിപ്പോർട്ട് 1999 ജൂലൈ 20-ാം തീയതി സഭയിൽ സമർപ്പിക്കുകയുണ്ടായി. പ്രസ്തുത റിപ്പോർട്ടിലെ ശിപാർശകളിന്മേൽ സർക്കാർ സ്വീകരിച്ച നടപടികൾ അടങ്ങിയതാണ് ഈ റിപ്പോർട്ട്.

ഈ റിപ്പോർട്ട് 2020 ഒക്ടോബർ 27-ാം തീയതി ചേർന്ന യോഗത്തിൽ സമിതി അംഗീകരിച്ചു.

പി. അയിഷാ പോറ്റി,

*അദ്ധ്യക്ഷ,*

*സ്ത്രീകളുടെയും ട്രാൻസ്ജെന്ററുകളുടെയും കുട്ടികളുടെയും ഭിന്നശേഷിക്കാരുടെയും ക്ഷേമം സംബന്ധിച്ച സമിതി.*

തിരുവനന്തപുരം,
2021 ജനുവരി 12.

# റിപ്പോർട്ട്

പത്താം കേരള നിയമസഭയുടെ സ്ത്രീകളുടെയും കുട്ടികളുടെയും ക്ഷേമം സംബന്ധിച്ച സമിതി (1998-2000) യുടെ പത്താമത് റിപ്പോർട്ട് 1999 ജൂലൈ 20-ന് സഭയിൽ സമർപ്പിച്ചു.

വയനാട് ജില്ലയിലെ സുൽത്താൻബത്തേരിയിലെ അവിവാഹിത അമ്മയായ 'മാതി' എന്ന ആദിവാസി സ്ത്രീയുടെ പരാതിയുടെയും അതിന്മേൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥരുമായി നടത്തിയ ചർച്ചയുടെയും ഗവൺമെന്റിൽ നിന്നും ലഭ്യമായ അന്വേഷണ റിപ്പോർട്ടുകളുടെയും അടിസ്ഥാനത്തിലായിരുന്നു പ്രസ്തുത റിപ്പോർട്ട് തയ്യാറാക്കിയിരുന്നത്. അഗളി, അട്ടപ്പാടി, മാനന്തവാടി, തിരുനെല്ലി, കുമൻകൊല്ലി, പനത്തടി തുടങ്ങി സംസ്ഥാനത്തെ വിവിധ ആദിവാസി കേന്ദ്രങ്ങളിലുള്ള അവിവാഹിത അമ്മമാരെ പുനരധിവസിപ്പിക്കുന്നതിനും അവരെ പുനരുദ്ധരിക്കുന്നതിനും വേണ്ടിയുള്ള ശിപാർശകളും നിർദ്ദേശങ്ങളും റിപ്പോർട്ടിൽ ഉൾക്കൊള്ളിച്ചിരുന്നു.

പ്രസ്തുത റിപ്പോർട്ടിൽ ആഭ്യന്തര വകുപ്പുമായി ബന്ധപ്പെട്ട് 13 ശിപാർശകളും പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പുമായി ബന്ധപ്പെട്ട 6 ശിപാർശകളും ആരോഗ്യ കുടുംബക്ഷേമ വകുപ്പുമായി ബന്ധപ്പെട്ട 1 ശിപാർശയുമാണ് ഉണ്ടായിരുന്നത്. റിപ്പോർട്ടിലെ ശിപാർശകളിന്മേൽ അനന്തര നടപടി സ്വീകരിച്ച് നടപടി റിപ്പോർട്ട് ലഭ്യമാക്കുവാൻ പ്രസ്തുത വകുപ്പുകളോട് ആവശ്യപ്പെടുകയുണ്ടായി.

പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പുമായി ബന്ധപ്പെട്ട 5, 6, 8, 15, 19 എന്നീ നമ്പർ ശിപാർശകളിന്മേൽ റിപ്പോർട്ട് ലഭ്യമാക്കുവാൻ കാലതാമസം നേരിട്ടതിനാൽ 30-9-2019-ൽ സമിതി ബന്ധപ്പെട്ട ഉദ്യോഗസ്ഥരിൽ നിന്നും തെളിവെടുപ്പ് നടത്തുകയുണ്ടായി. തെളിവെടുപ്പ് വേളയിൽ വകുപ്പ് റിപ്പോർട്ട് ലഭ്യമാക്കുകയും ആയത് സമിതി അംഗീകരിക്കുകയും ചെയ്തു.

അതോടൊപ്പം 20-7-1999-ൽ സഭയിൽ സമർപ്പിച്ച റിപ്പോർട്ടിലെ ശിപാർശകൾക്ക് 20 വർഷങ്ങൾക്കു ശേഷവും മറുപടി ലഭ്യമാക്കിയിട്ടില്ലെന്ന് ചൂണ്ടിക്കാട്ടിയ സമിതി ഹർജികളിന്മേലുള്ള നടപടികൾ ഉൾപ്പെടെയുള്ള റിപ്പോർട്ടുകൾ സമയബന്ധിതമായി ലഭ്യമാക്കുന്നതിന് പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പിന്റെ ഭാഗത്തു നിന്നും വീഴ്ചയും കാലതാമസവും ഉണ്ടാകുന്നുണ്ടെന്ന് ചൂണ്ടിക്കാട്ടുകയും ഇക്കാര്യത്തിൽ പ്രത്യേക ശ്രദ്ധ പുലർത്തണമെന്ന് നിർദ്ദേശിക്കുകയും ചെയ്തു.

വയനാട് ജില്ലയിൽ ഇപ്പോഴും പ്രായപൂർത്തിയാകാത്ത ആദിവാസി പെൺകുട്ടികൾ അമ്മമാരാകുന്ന സംഭവങ്ങൾ പത്രമാധ്യമങ്ങൾ റിപ്പോർട്ടു ചെയ്യുന്നുണ്ട്. യഥാർത്ഥ പ്രതികളെ കണ്ടെത്തി ശിക്ഷിക്കുന്നതിൽ വകുപ്പുകൾ കാണിക്കുന്ന അലംഭാവമാണ് ഇത്തരം സംഭവങ്ങൾ

ആവർത്തിക്കുന്നതിന് കാരണമെന്ന് സമിതി നിരീക്ഷിക്കുന്നു. സമിതി (1998-2000) യുടെ പത്താമത് റിപ്പോർട്ടിന് ആധാരമായ സംഭവത്തിലും വകുപ്പുദ്യോഗസ്ഥരുടെ ഭാഗത്തു നിന്നും കുറ്റകരമായ അനാസ്ഥ ഉണ്ടായിട്ടുണ്ട്. പ്രതികളെ സഹായിക്കുന്നതിനായി ഇരകളെ പ്രലോഭിപ്പിക്കുകയോ ഭീഷണിപ്പെടുത്തുകയോ ചെയ്യുന്നുണ്ടെന്ന് സംശയിക്കത്തക്ക തെളിവുകൾ വകുപ്പുകൾ സമർപ്പിച്ച മറുപടിയിൽ വ്യക്തമാണ്.

സമിതി (1998-2000) യുടെ പത്താമത് റിപ്പോർട്ടിലെ ശിപാർശകളും അവ സംബന്ധിച്ച് ആഭ്യന്തരം, ആരോഗ്യ കുടുംബക്ഷേമം, പട്ടികജാതി പട്ടികവർഗ്ഗ വികസനം എന്നീ സർക്കാർ വകുപ്പുകൾ സ്വീകരിച്ച നടപടി റിപ്പോർട്ടുകളും ഉൾപ്പെടുത്തിയാണ് ഈ ആക്ഷൻ ടേക്കൺ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്.

**ശിപാർശ 1**

പീഡനത്തിനിരയായ സ്ത്രീയുടെ പരാതിയുടെ വെളിച്ചത്തിൽ അവരുടെ കുട്ടിയുടെ പിതൃത്വം നിർണ്ണയിക്കുന്നതിന് ആരോപണ വിധേയരായ (സസ്പെക്ടഡ്) പുരുഷന്മാരുടെ രക്തം ഡി.എൻ.എ.ടെസ്റ്റിന് നിർബന്ധമായും വിധേയമാക്കാൻ നടപടി സ്വീകരിക്കണമെന്നും നിലവിലുള്ള നിയമം അപര്യാപ്തമാണെങ്കിൽ ഇതിലേയ്ക്കാവശ്യമായ നിയമനിർമ്മാണം നടത്തണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

<u>സ്വീകരിച്ച നടപടി</u>

<u>ആഭ്യന്തര വകുപ്പ്</u>

(26-5-2007-ലെ 55286/എസ്.ബി.2/2000/ആഭ്യ. നമ്പർ കത്ത് മുഖേന ലഭിച്ചത്.)

ഈ ശിപാർശ വയനാട് ജില്ലാ പോലീസ് സൂപ്രണ്ട് വയനാട് പബ്ലിക് പ്രോസിക്യൂട്ടറുമായി ബന്ധപ്പെട്ട് വിശദമായി പരിശോധിച്ച പബ്ലിക് പ്രോസിക്യൂട്ടർ കോടതിക്ക് താഴെപ്പറയും വിധം റിപ്പോർട്ട് സമർപ്പിക്കുകയുണ്ടായി.

" request for DNA Test in connection with Sulthan Bathery Crime No.105/01/u/s 506(I) 376/r/w 34 and 3(i) (xii) 3(2) (v) is not maintainable in law, in the light of the ruling of Hon. High Court of Kerala in 2002 (I) KLT 499" .

നിയമോപദേശത്തിന്മേൽ എന്ത് നടപടി സ്വീകരിച്ചു എന്നും അതിന്റെ ഇപ്പോഴത്തെ അവസ്ഥ എന്താണെന്നും നിയമ നിർമ്മാണം നടത്തേണ്ടതായിട്ടുണ്ടെങ്കിൽ അത് സംബന്ധിച്ച പ്രൊപ്പോസൽ പരിശോധനയ്ക്കും മേൽ നടപടികൾക്കുമായി സർക്കാരിലേയ്ക്ക് അയച്ചു തരുവാനും പോലീസ് ഡയറക്ടർ ജനറലിന് നിർദ്ദേശം നൽകിയിട്ടുണ്ട്.

<u>അധിക വിവരം :-</u>

4-6-2008-ലെ യോഗത്തിൽ സമിതി റിപ്പോർട്ട് പരിഗണിക്കുകയും ഇപ്പോഴത്തെ അവസ്ഥ ഡി.ജി.പി.യോട് ആരാഞ്ഞ് റിപ്പോർട്ട് ലഭ്യമാക്കണമെന്ന് നിർദ്ദേശിക്കുകയും ചെയ്തു.

**അധിക വിവരത്തിന്മേലുള്ള മറുപടി**

(14-1-2010-ലെ 55286/എസ്.സി2 /2000/ആഭ്യ. നമ്പർ കത്ത് മുഖേന ലഭിച്ചത്.)

സമിതി ശിപാർശ പ്രകാരം നിയമ നിർമ്മാണം നടത്തുവാനായി ഫയൽ നിയമ വകുപ്പിലേയ്ക്ക് അയച്ചപ്പോൾ ആ വകുപ്പ് ഇപ്രകാരം അഭിപ്രായപ്പെടുകയുണ്ടായി.

വിവാഹ സംബന്ധമായ കേസ്സുകളിലും മറ്റും കക്ഷികളെ ഡി.എൻ.എ. പരിശോധനയ്ക്ക് വിധേയമാക്കുവാൻ നിലവിലുള്ള നിയമാനുസൃതം തന്നെ സിവിൽ കോടതികൾക്ക് ആധികാരികത ഉള്ളതിനാലും ക്രിമിനൽ നടപടി നിയമമനുസരിച്ച് ഇപ്പോൾ ഡി.എൻ.എ. പരിശോധന നിയമപരമായതിനാലും ഈ വിഷയത്തിൽ പുതിയ നിയമ നിർമ്മാണത്തിന്റെ ആവശ്യകത ഇല്ല.

(9-3-2011-ലെ സമിതി യോഗം അംഗീകരിച്ചു)

**ശിപാർശ 2**

ഡി. എൻ. എ. ടെസ്റ്റ് വളരെ ചെലവുള്ളതാണെന്നും ഈ ചെലവ് ആര് വഹിക്കണമെന്നുള്ളതും നിലവിലുള്ള ഒരു പ്രശ്നമായി സമിതി മനസ്സിലാക്കുന്നു. സംസ്ഥാനത്തുള്ള മൊത്തം അവിവാഹിത ആദിവാസി അമ്മമാരുടെ പരാതിയും സർക്കാരിന്റെ മുന്നിൽ എത്താറില്ല. ഗവൺമെന്റിന്റെയോ കോടതിയുടെയോ മുന്നിൽ വരുന്ന ഇത്തരം കേസുകളിൽ ഡി.എൻ.എ. ടെസ്റ്റ് നടത്തുന്നതിനുള്ള ചെലവ് സർക്കാർ തന്നെ വഹിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>സ്വീകരിച്ച നടപടി</u>

<u>ആഭ്യന്തര വകുപ്പ്</u>

(26-5-2007-ലെ 55286/എസ്.സി. 2/ 2000/ആഭ്യ. നമ്പർ കത്ത് മുഖേന ലഭിച്ചത്.)

അന്വേഷണത്തിന്റെ ഭാഗമായി ഡി.എൻ.എ. ടെസ്റ്റ് നടത്തുന്നതിന്റെ ചെലവ് സർക്കാർ തന്നെയാണ് വഹിക്കുന്നത്.

(4-6-2008-ലെ യോഗത്തിൽ റിപ്പോർട്ട് സമിതി അംഗീകരിച്ചു)

## ശിപാർശ 3

ആന്ധ്രാപ്രദേശ് സർക്കാർ സൗജന്യമായി ഡി.എൻ.എ. ടെസ്റ്റ് നടത്തിക്കുന്നതിനായുള്ള എഗ്രിമെന്റ് ഹൈദ്രാബാദിലെ ഡി.എൻ.എ. ഫിംഗർ പ്രിന്റിംഗ് ഡയഗനോസ്റ്റിക് സെന്ററുമായി ഉണ്ടാക്കിയിട്ടുള്ളതു പോലെ നമ്മുടെ സംസ്ഥാനത്തും ഇത്തരം കേസുകളിൽ ഡി.എൻ.എ. ടെസ്റ്റ് സൗജന്യമായി നടത്തുന്നതിനുള്ള സംവിധാനം സംജാതമാക്കുന്നത് അഭികാമ്യമായിരിക്കുമെന്ന് സമിതി അഭിപ്രായപ്പെടുന്നു.

### സ്വീകരിച്ച നടപടി

ആഭ്യന്തര വകുപ്പ്

(26-5-2007-ലെ 55286/എസ്.സി. 2/ 2000/ആഭ്യ. നമ്പർ കത്ത് മുഖേന ലഭിച്ചത്).

കേരളത്തിൽ ഡി.എൻ.എ. ടെസ്റ്റ് നടത്തുന്നത് തിരുവനന്തപുരത്തെ രാജീവ് ഗാന്ധി സെന്റർ ഫോർ ബയോടെക്നോളജിയിലാണ്. സമിതിയുടെ ശിപാർശ ഈ സ്ഥാപനവുമായി ബന്ധപ്പെട്ട് പരിശോധിക്കുന്നതാണ്.

അധിക വിവരം

4-6-2008-ലെ യോഗത്തിൽ റിപ്പോർട്ട് പരിഗണിച്ച സമിതി ഡി.എൻ.എ. ടെസ്റ്റ് സൗജന്യമായി നടത്തുവാൻ ആന്ധ്രാപ്രദേശ് സർക്കാർ സംവിധാനമുണ്ടാക്കിയിട്ടുള്ളതു പോലെ നമ്മുടെ സംസ്ഥാനത്തും സംവിധാനം സജ്ജമാക്കണമെന്ന് നിർദ്ദേശിച്ചു

അധിക വിവരത്തിന്മേലുള്ള മറുപടി

(14-1-2010 -ലെ 55286/എസ്.സി.2/2000/ആഭ്യ. നമ്പർ കത്തു പ്രകാരം ലഭിച്ചത്.)

പ്രസ്തുത വിഷയത്തിൽ സമിതി ശിപാർശ പ്രാവർത്തികമാക്കുവാൻ രാജീവ്ഗാന്ധി സെന്റർ ഫോർ ബയോടെക്നോളജിയുമായി ബന്ധപ്പെട്ട് ആവശ്യമായ നടപടി സ്വീകരിക്കുവാൻ പട്ടികജാതി/പട്ടികവർഗ്ഗ വകുപ്പിനോട് ആവശ്യപ്പെട്ടിട്ടുണ്ട്.

(9-3-2011-ലെ സമിതിയോഗം അംഗീകരിച്ചു)

## ശിപാർശ 4

ഡി. എൻ. എ. പരിശോധന നടത്തി ചെലവ് ഗവൺമെന്റ് വഹിക്കുകയും സംശയിക്കപ്പെടുന്ന വ്യക്തി കുട്ടിയുടെ പിതാവാണെന്ന് തെളിയിക്കപ്പെടുകയും ചെയ്യുന്ന പക്ഷം ആ ആളിൽ നിന്ന് പ്രസ്തുത ചെലവ് ഈടാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>സ്വീകരിച്ച നടപടി</u>

<u>ആഭ്യന്തര വകുപ്പ്</u>

(26-5-2007-ലെ 55286/എസ്.സി. 2/2000/ആഭ്യ. നമ്പർ കത്ത് മുഖേന ലഭിച്ചത്).

സമിതിയുടെ ശിപാർശ പ്രകാരം നിയമനിർമ്മാണം നടത്തുന്ന കാര്യം പരിശോധിക്കുന്നതിലേയ്ക്കായി പ്രൊപ്പോസൽ സമർപ്പിക്കുവാൻ ഡി.ജി.പി.ക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

(4-6-2008-ലെ സമിതി യോഗം അംഗീകരിച്ചു).

**ശിപാർശ 5**

മാനന്തവാടി, തിരുനെല്ലി, കുമൻകൊല്ലി (വയനാട്), അട്ടപ്പാടി, അഗളി (പാലക്കാട്), പനത്തടി (കാസർഗോഡ്) മുതലായ സംസ്ഥാനത്തെ എല്ലാ ആദിവാസി കേന്ദ്രങ്ങളിലെ ജനങ്ങളേയും ബോധവൽക്കരിക്കുന്നതിനും തദ്വാരാ ചൂഷണത്തിൽ നിന്നും അവരെ രക്ഷിക്കുന്നതിനുമുള്ള ഒരു സ്ഥിരം സംവിധാനം പ്രാദേശിക, ജില്ലാ തലങ്ങളിൽ സൃഷ്ടിക്കണമെന്ന് സമിതി ആവശ്യപ്പെടുന്നു.

<u>സ്വീകരിച്ച നടപടി</u>

<u>പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പ്</u>

(24-9-2019-ലെ 282/പി.എം.1/2019/പ.ജ.പ.വ.വി.വ. നമ്പർ കത്ത് പ്രകാരം ലഭ്യമാക്കിയത്)

മാനന്തവാടി, തിരുനെല്ലി, കുമൻകൊല്ലി (വയനാട്), അട്ടപ്പാടി, അഗളി (പാലക്കാട്), പനത്തടി (കാസർഗോഡ്) മുതലായ സ്ഥലങ്ങളിൽ ഉള്ള ആദിവാസി ജനങ്ങൾ വളരെയധികം ചൂഷണത്തിനും അതിക്രമങ്ങൾക്കും വിധേയമാവുന്നുണ്ട്. നിലവിലുള്ള സംവിധാനങ്ങളൊന്നും അവരുടെ രക്ഷയ്ക്കോ സംരക്ഷണത്തിനോ ഉതകുന്നില്ല എന്നുള്ളത് യാഥാർത്ഥ്യം മാത്രമാണ്. അതുകൊണ്ട് സമിതി ശിപാർശ ചെയ്ത പ്രകാരം പ്രാദേശിക, ജില്ലാ തലങ്ങളിൽ ഒരു സ്ഥിരം സംവിധാനം ഏർപ്പെടുത്തുന്നതാണ് ഉചിതം. എന്നാൽ ജില്ലാ തലത്തിൽ ഒരു കമ്മിറ്റിയോ മറ്റേതെങ്കിലും ഒരു സംവിധാനമോ ഇതിനായി സൃഷ്ടിച്ചാൽ സ്വാഭാവികമായും ജില്ലാ കലക്ടർ/ജില്ലാ പോലീസ് സൂപ്രണ്ട് എന്നിവരിലാരെങ്കിലുമായിരിക്കും അതിന്റെ അദ്ധ്യക്ഷ പദവിയിൽ നിയോഗിക്കപ്പെടുക. ഇപ്പോൾ തന്നെ ജില്ലാ കളക്ടർ നൂറുകണക്കിന് ജില്ലാതല കമ്മിറ്റിയിൽ അദ്ധ്യക്ഷനായിരിക്കുന്ന സാഹചര്യത്തിൽ അദ്ദേഹത്തിന്റെ സേവനം തക്ക സമയത്ത് പുതിയ സംവിധാനത്തിന് ലഭിച്ചെന്ന് വരികയില്ല. അതിന് പകരം അതാത് സ്ഥലത്തെ

പഞ്ചായത്ത് പ്രസിഡന്റ്, വാർഡ് മെമ്പർ, ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസർ, ആദിവാസി വിഭാഗത്തിലെ ഒന്നോ രണ്ടോ ഊരുമൂപ്പൻമാർ, സ്ഥലത്തെ സബ് ഇൻസ്പെക്ടർ, സർക്കിൾ ഇൻസ്പെക്ടർ, സാമൂഹ്യക്ഷേമ വകുപ്പിലെ സൂപ്പർവൈസർ എന്നിവരടങ്ങുന്ന ഒരു സമിതിയെ നിയമിക്കുന്നതായിരിക്കും ഉചിതം. പഞ്ചായത്ത് പ്രസിഡന്റ് അദ്ധ്യക്ഷനും ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസർ കൺവീനറും ആകാവുന്നതാണ്. ഓരോ രണ്ട് മാസം കൂടുമ്പോഴും ഇവരുടെ യോഗം ചേർന്ന് ഈ വിഷയം സമഗ്രമായി ചർച്ച ചെയ്ത് ആവശ്യമായ മേൽ നടപടികൾ സ്വീകരിക്കേണ്ടതാണ്. ഇപ്രകാരം സമിതി രൂപീകരിക്കുവാൻ പട്ടികവർഗ്ഗ വികസന വകുപ്പ് ഡയറക്ടർക്ക് ആവശ്യമായ നിർദ്ദേശം നൽകിയിട്ടുണ്ട്.

(30-9-2019-ലെ സമിതി യോഗം അംഗീകരിച്ചു.)

## ശിപാർശ 6

ജീവിതമാർഗ്ഗമില്ലാത്ത നിസ്സഹായരായ ആദിവാസി അമ്മമാരുടെയും കുട്ടികളുടെയും പ്രശ്നങ്ങൾക്കു പരിഹാരം കാണുന്നതിനായി ബന്ധപ്പെട്ട എം.എൽ.എ.മാർ ചെയർമാൻമാരായും സാമൂഹ്യ സന്നദ്ധ സംഘടനാ പ്രവർത്തകർ, പഞ്ചായത്ത് മെമ്പർമാർ, മഹിളാ സംഘടനാ പ്രവർത്തകർ തുടങ്ങിയവർ അംഗങ്ങളുമായുള്ള ഒരു ആദിവാസി ഡെവലപ്മെന്റ് കമ്മിറ്റിക്ക് രൂപം നൽകണമെന്നും കമ്മിറ്റി മാസത്തിലൊരിക്കലെങ്കിലും യോഗം ചേർന്ന് ഇവരുടെ പ്രശ്നങ്ങൾ നേരിട്ട് പഠിക്കണമെന്നും പരിഹാരമാർഗ്ഗങ്ങൾ സ്വീകരിക്കുന്നതിനുള്ള ശിപാർശ ഗവൺമെന്റിന് സമർപ്പിക്കണമെന്നും സമിതി ആവശ്യപ്പെടുന്നു.

<u>സ്വീകരിച്ച നടപടി</u>

<u>പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പ്</u>

(24-9-2019-ലെ 282/പിഎം1/2019/പ.ജ.പ.വ.വി.വ. നമ്പർ കത്ത് പ്രകാരം ലഭ്യമാക്കിയത്.)

നിസ്സഹായരായ ആദിവാസി അമ്മമാരുടെയും കുട്ടികളുടെയും പ്രശ്നം സർക്കാർ അതീവ ഗൗരവമായി കൈകാര്യം ചെയ്തു വരുന്നുണ്ട്. അവരുടെ സംരക്ഷണത്തിനും സമഗ്ര വികസനത്തിനും നിരവധി പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കി വരികയാണ്. അതിന്റെ മുന്നോടിയായി ആദ്യഘട്ടത്തിൽ സാമൂഹ്യക്ഷേമ വകുപ്പിന്റെ മേൽനോട്ടത്തിൽ അർഹരായവർക്ക് പെൻഷൻ നൽകി വരുന്നു. തുടക്കത്തിൽ ഈ തുക പ്രതിമാസം 300 രൂപ ആയിരുന്നു. ഇപ്പോൾ ഇത് 1000 രൂപ ആയി ഉയർത്തി. ഇതു കൂടാതെ ഇവർക്ക് നിശ്ചിത വരുമാനം ഉറപ്പുവരുത്തുന്ന തൊഴിൽ ലഭിക്കാനുള്ള പദ്ധതികളും, വീടില്ലാത്തവർക്ക് വീടുവച്ചുകൊടുക്കാനും സ്ഥലമില്ലാത്തവർക്ക് സ്ഥലം വാങ്ങിച്ചു കൊടുക്കാനും ആരോഗ്യ സംരക്ഷണത്തിന് മതിയായ ചികിത്സാ സഹായം ഉറപ്പുവരുത്താനും

റേഷൻ കാർഡില്ലാത്തവർക്ക് റേഷൻകാർഡ് അനുവദിക്കാനും അവിവാഹിതരുടെ കുട്ടികൾക്ക് വിദ്യാഭ്യാസം ഉറപ്പുവരുത്തുന്നതിനും നടപടി ആരംഭിച്ചുകഴിഞ്ഞു.

ഇതിനുപുറമേ ഇവരുടെ ചൂഷകരെ കണ്ടുപിടിച്ച് പട്ടികജാതി പട്ടികവർഗ്ഗക്കാർക്കെതിരെയുള്ള അതിക്രമം തടയൽ നിയമം 1989 അനുസരിച്ചും മേപ്പടി നിയമത്തിന്റെ 1995-ലെ ചട്ടങ്ങൾ അനുസരിച്ചും കേസ്സെടുത്ത് നടപടി എടുത്തുവരുന്നു.

ഈ വിഷയങ്ങൾ കൈകാര്യം ചെയ്യാൻ എം.എൽ.എ.മാർ ചെയർമാനായി ഒരു കമ്മിറ്റി രൂപീകരിക്കുന്നതിന് പകരം പ്രാദേശിക ജില്ലാതലത്തിൽ സമിതി രൂപീകരിക്കുന്നതായിരിക്കും കൂടുതൽ ഗുണകരം. അപ്രകാരം കമ്മിറ്റി രൂപീകരിക്കുന്നതിനായി പട്ടികവർഗ്ഗ വികസന വകുപ്പ് ഡയറക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

(30-9-2019-ലെ സമിതി യോഗം അംഗീകരിച്ചു).

## ശിപാർശ 7

സംസ്ഥാനത്തെ എല്ലാ ആദിവാസി കേന്ദ്രങ്ങളിലും രോഗികളെ കിടത്തി ചികിത്സിക്കത്തക്കവിധത്തിൽ പ്രൈമറി ഹെൽത്ത് സെന്ററുകൾ സ്ഥാപിക്കുന്നതിനും അവിടെ ഗൈനക്കോളജിസ്റ്റുകൾ ഉൾപ്പെടെ എല്ലാ സ്പെഷ്യലിസ്റ്റുകളുടെയും തസ്തിക സൃഷ്ടിക്കുന്നതിനും 24 മണിക്കൂറും മെഡിക്കൽ സഹായം ലഭ്യമാക്കുന്നതിനും നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

### സ്വീകരിച്ച നടപടി

ആരോഗ്യ കുടുംബക്ഷേമ വകുപ്പ്

(14-8-2000-ലെ 12526/എം1/2000/ആകുവ. നമ്പർ കത്തു മുഖേന ലഭിച്ചത്)

സംസ്ഥാനത്തെ ഏകദേശം എല്ലാ ആദിവാസി കേന്ദ്രങ്ങളിലും ട്രൈബൽ സബ്പ്ലാൻ അനുസരിച്ച് ട്രൈബൽ കോളനികളിൽ അനുവദിക്കപ്പെട്ട പ്രാഥമികാരോഗ്യ കേന്ദ്രങ്ങളുടെ വിശദമായ ലിസ്റ്റ് ഇതോടൊപ്പം ഉള്ളടക്കം ചെയ്തിട്ടുണ്ട്. പ്രാഥമികാരോഗ്യ കേന്ദ്രങ്ങളിൽ സ്പെഷ്യലിസ്റ്റുകളുടെ തസ്തിക ഇപ്പോഴത്തെ പാറ്റേൺ അനുസരിച്ച് സൃഷ്ടിക്കപ്പെട്ടിട്ടില്ല. സാമൂഹ്യ ആരോഗ്യ കേന്ദ്രങ്ങളിലും താലൂക്കാശുപത്രികളിലും ആണ് സ്പെഷ്യലിസ്റ്റ് തസ്തികകൾ ഉള്ളത്.

പ്രാഥമികാരോഗ്യ കേന്ദ്രങ്ങളിൽ ഏർപ്പെടുത്തിയ അടിസ്ഥാന സൗകര്യങ്ങളും സ്ഥലത്തിന്റെ ആവശ്യകതയും പരിഗണിച്ച് അവിടങ്ങളിൽ കിടക്കകൾ അനുവദിക്കുകയും കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററാക്കി ഉയർത്തുകയും മറ്റ് സൗകര്യങ്ങൾ അനുവദിക്കുകയും അതനുസരിച്ച് ആവശ്യമായ തസ്തിക സൃഷ്ടിക്കുകയും സർക്കാർ തലത്തിൽ ചെയ്യാറുണ്ട്.

<u>ആഭ്യന്തര വകുപ്പ്</u>

(26-5-2007-ലെ 55286/എസ്.സി. 2/2000/ആഭ്യന്തരം. നമ്പർ കത്ത് മുഖേന ലഭിച്ചത്).

സംസ്ഥാനത്തെ എല്ലാ ആദിവാസികേന്ദ്രങ്ങളിലും രോഗികളെ കിടത്തി ചികിത്സിക്കത്തക്ക വിധത്തിൽ പ്രൈമറി ഹെൽത്ത് സെന്ററുകൾ സ്ഥാപിക്കുക, അവിടെ ഗൈനക്കോളജിസ്റ്റുകൾ ഉൾപ്പെടെ എല്ലാ സ്പെഷ്യലിസ്റ്റുകളുടേയും തസ്തിക സൃഷ്ടിക്കുക, 24 മണിക്കൂറും മെഡിക്കൽ സഹായം ലഭ്യമാക്കുക എന്ന ശിപാർശ സംസ്ഥാനത്തെ 4062 ട്രൈബൽ സങ്കേതങ്ങളിലും നടപ്പിലാക്കാൻ പ്രായോഗികമായി കഴിയില്ല. പട്ടികവർഗ്ഗ ജനസംഖ്യ കൂടുതലായി ഉള്ള വയനാട്, പാലക്കാട്, ഇടുക്കി ജില്ലകളിൽ പട്ടികവർഗ്ഗ വികസന വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന ഹെൽത്ത് പ്രോജക്ടുകളുടെ ഭാഗമായി വയനാട് (1), പാലക്കാട് (1), ഇടുക്കി (4) എന്ന ക്രമത്തിൽ 6 ഒ.പി. ക്ലിനിക്കുകളും തിരുവനന്തപുരം ജില്ലയിൽ നെടുമങ്ങാട്ടും ഇടുക്കി ജില്ലയിൽ തൊടുപുഴയിലും ഓരോ യൂണിറ്റും സംസ്ഥാനത്തൊട്ടാകെയായി 17 ആയുർവേദ ഡിസ്പെൻസറികളും ഒരു ആയുർവേദ ആശുപത്രി, 4 എ.എൽ.എം സെന്ററുകൾ എന്നിവയും പ്രവർത്തിക്കുന്നു. കൂടാതെ ആരോഗ്യ വകുപ്പിന്റെ കീഴിലുള്ള പി.എച്ച്.സി.കളും മൊബൈൽ മെഡിക്കൽ യൂണിറ്റുകളും പട്ടികവർഗ്ഗ മേഖലകളിൽ പ്രവർത്തിച്ചു വരുന്നു.

ആരോഗ്യ വകുപ്പിൽ ഡോക്ടർമാരെ നിയമിക്കുന്നതിനുള്ള നിലവിലുള്ള മാനദണ്ഡങ്ങൾ അനുസരിച്ച് പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങളിൽ സ്പെഷ്യലിസ്റ്റ് ഡോക്ടർമാരുടെ പോസ്റ്റുകൾ ഇല്ല. ജനറൽ ആശുപത്രികളിലും ജില്ലാ/താലൂക്ക് ആശുപത്രികളിലും സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രിയിലുമാണ് സ്പെഷ്യലിസ്റ്റ് ഡോക്ടർമാരെ നിയമിച്ച് സ്പെഷ്യാലിറ്റി സേവനം ലഭ്യമാക്കി വരുന്നത്. ആരോഗ്യ വകുപ്പിൽ ആരംഭിച്ച സ്പെഷ്യാലിറ്റി കേഡർ സംവിധാനം അനുസരിച്ച് നൂറു കിടക്കകളിൽ കൂടുതൽ ഉള്ള ആശുപത്രികളിൽ വിവിധ വിഭാഗം സ്പെഷ്യലിസ്റ്റ് ഡോക്ടർമാരെ നിയമിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. ഇക്കാര്യത്തിൽ ആദിവാസി മേഖലകളോടടുത്തുള്ള ആശുപത്രികൾക്ക് മുൻഗണന നൽകുന്നു. അടുത്തിടെ മിനി പ്രൈമറി ഹെൽത്ത് സെന്ററുകളിൽ രോഗികളെ കിടത്തി ചികിത്സിപ്പിക്കുന്നതിനായി 201 സ്ഥാപനങ്ങളിൽ പുതുതായി ഡോക്ടർമാരേയും മറ്റ് പാരാമെഡിക്കൽ ജീവനക്കാരേയും നിയമിച്ചപ്പോൾ ആദിവാസി മേഖലകൾക്ക് മുൻഗണന നൽകുകയുണ്ടായി. ഇതിനു പുറമേ ഇടയ്ക്കിടെ ആദിവാസി ഊരുകളിൽ സ്പെഷ്യലിസ്റ്റ് ഡോക്ടർമാരുടെ സേവനം ലഭ്യമാക്കിക്കൊണ്ട് സ്പെഷ്യലിസ്റ്റ് മെഡിക്കൽ ക്യാമ്പുകൾ നടത്തി വരുന്നു. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും മുൻകൈ എടുത്ത് ഇത്തരത്തിലുള്ള ക്യാമ്പുകൾ വിവിധ ജില്ലകളിൽ നടത്തുന്നു. പ്രജനന-ശൈശവ ആരോഗ്യ പരിപാടിയുടെ രണ്ടാം ഘട്ടത്തിൽ ആദിവാസി മേഖലകളിലെ മെഡിക്കൽ ക്യാമ്പുകളിലെ നടത്തിപ്പും പ്രത്യേകമായി

ഉൾപ്പെടുത്തിയിരുന്നു. ഇതനുസരിച്ച് പ്രാഥമികാരോഗ്യ കേന്ദ്രങ്ങളും ട്രൈബൽ മൊബൈൽ യൂണിറ്റുകളും നടത്തുന്ന മെഡിക്കൽ ക്യാമ്പുകൾ കൂടുതൽ നല്ല രീതിയിൽ നടത്തുന്നതിനാവശ്യമായ സഹായവും സ്പെഷ്യലിസ്റ്റ് ക്യാമ്പുകൾ നടത്തുന്നതിനുള്ള സഹായവും നൽകുന്നു. സർക്കാർ മെഡിക്കൽ കോളേജുകളിൽ നിന്നും പഠിച്ചിറങ്ങുന്ന ഡോക്ടർമാരെക്കൊണ്ട് ആറു മാസത്തോളം നിർബന്ധ ഗ്രാമീണ സേവനം നടത്തിക്കുന്നു. ഇതുമൂലം ഒരു പരിധി വരെ ആദിവാസി മേഖലകളിലെ പ്രൈമറി ഹെൽത്ത് സെന്ററുകളിൽ ഡോക്ടർമാരെ നിയമിക്കുവാൻ കഴിയുന്നുണ്ട്.

(4-6-2008-ലെ സമിതിയോഗം അംഗീകരിച്ചു).

### ശിപാർശ 8

സംസ്ഥാനത്തെ എല്ലാ ആദിവാസി കേന്ദ്രങ്ങളിലെ അവിവാഹിതകളായ അമ്മമാരെയും അവരുടെ കുട്ടികളെയും അതുപോലെ സംരക്ഷണത്തിന് ആരുംതന്നെയില്ലാത്ത നിസ്സഹായരായ സ്ത്രീകളെയും പുനരധിവസിപ്പിക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കണമെന്നും ഇത്തരം പുനരധിവാസ കേന്ദ്രങ്ങളിൽ വെള്ളം, വെളിച്ചം തുടങ്ങി എല്ലാ അത്യാവശ്യ സൗകര്യങ്ങളും ലഭ്യമാക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

### സ്വീകരിച്ച നടപടി

പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പ്

(24-9-2019-ലെ 282/പി.എം.1/2019 പ.ജ.പ.വ.വി.വ. നമ്പർ കത്ത് മുഖേന ലഭ്യമാക്കിയത്.)

സംരക്ഷണത്തിന് ആരുംതന്നെയില്ലാത്ത നിസ്സഹായരായ സ്ത്രീകളെ പുനരധിവസിപ്പിക്കുന്നതിന് നടപടി കൈക്കൊള്ളേണ്ടതുണ്ട്. ഇതിനായി ആദ്യം വേണ്ടത് ഇത്തരം നിസ്സഹായരായ ആളുകളുടെ വിവരം ശേഖരിക്കുകയാണ്. ഇതിന് 2008-ൽ 'കിലയും' ഈ വകുപ്പും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും സംയുക്തമായി നടത്തിയ സർവ്വേയിൽ ഉള്ള വിവരങ്ങൾ അടിസ്ഥാനമാക്കിയാൽ മതിയാകും. പട്ടികവർഗ്ഗ വികസന വകുപ്പ് ഇതിനായി പ്രത്യേക സംവിധാനം ഏർപ്പെടുത്തുന്നതിന് പകരം സാമൂഹ്യക്ഷേമ വകുപ്പിന്റെ മഹിളാ മന്ദിരങ്ങൾ പോലുള്ള കേന്ദ്രങ്ങൾ മതിയാകുമോ എന്ന് പരിശോധിക്കാവുന്നതാണ്. ഈ വിഭാഗത്തിന്റെ എണ്ണം ഗണ്യമായ തോതിൽ ഇല്ലെങ്കിൽ സാമൂഹ്യ ക്ഷേമ വകുപ്പിന്റെ സ്ഥാപനങ്ങൾ വഴി ഇവരുടെ സംരക്ഷണം ഉറപ്പാക്കാവുന്നതാണ്.

ഇപ്പോൾ തന്നെ പട്ടികവർഗ്ഗ വികസന വകുപ്പിന്റെ കീഴിൽ അട്ടപ്പാടിയിൽ 'കാരുണ്യാശ്രമം' എന്ന പേരിലും വൈത്തിരിയിലും മാനന്തവാടിയിലും 'വൃദ്ധസദനം' എന്ന പേരിലും സ്ഥാപനങ്ങൾ നിലവിലുണ്ട്. അവിടെയുള്ള സൗകര്യവും ഉപയോഗപ്പെടുത്താവുന്നതാണ്.

(30-9-2019-ലെ സമിതി യോഗം അംഗീകരിച്ചു) .

## ശിപാർശ 9

മാതിയുടെ കേസ് രജിസ്റ്റർ ചെയ്യാതിരുന്നത് ഗുരുതരമായ കൃത്യവിലോപമായി സമിതി കാണുകയും ഇത് കുറ്റവാളികളെ രക്ഷിക്കാനും നിസ്സഹായയായ ഒരു സാധു സ്ത്രീയുടെ സങ്കടത്തിന് യാതൊരു പരിഗണനയും നൽകാതിരിക്കാനുമുള്ള ബോധപൂർവ്വമായ ശ്രമമായതിനാൽ ബന്ധപ്പെട്ടവർക്കെതിരെ നടപടി സ്വീകരിക്കണമെന്ന് സമിതി ആവശ്യപ്പെടുന്നു.

<u>സ്വീകരിച്ച നടപടി</u>

<u>ആഭ്യന്തര വകുപ്പ്</u>

(26-5-2007-ലെ 55286/എസ്.സി.2/2000/ആഭ്യ. നമ്പർ കത്ത് മുഖേന ലഭ്യമാക്കിയത്.)

മാതിയുടെ പരാതിയിന്മേൽ കേസ് രജിസ്റ്റർ ചെയ്യുന്നതിനും അതിന്മേൽ സത്വരം അന്വേഷണം നടത്തി നടപടി സ്വീകരിക്കുന്നതിനും വീഴ്ച വരുത്തിയ സർക്കിൾ ഇൻസ്പെക്ടർക്കെതിരെ വകുപ്പുതലത്തിൽ നടപടി ആരംഭിച്ചു

<u>അധിക വിവരം</u>

4-6-2008-ലെ യോഗത്തിൽ റിപ്പോർട്ട് പരിഗണിക്കുകയും പ്രസ്തുത ശിപാർശ സംബന്ധിച്ച് എന്തൊക്കെ നടപടി സ്വീകരിച്ചുവെന്നത് സംബന്ധിച്ച വ്യക്തമായ മറുപടി നൽകണമെന്ന് ആഭ്യന്തര വകുപ്പിനോട് നിർദ്ദേശിക്കുകയും ചെയ്തു.

<u>അധിക വിവരത്തിന്മേലുള്ള മറുപടി</u>

(14-1-2010-ലെ 55286/എസ്.സി. 2/2000/ആഭ്യ. നമ്പർ കത്ത് മുഖേന ലഭ്യമാക്കിയത്)

ശിപാർശ 9-ഉം 11-ഉം പ്രകാരം മാതിയുടെ കേസ്സ് രജിസ്റ്റർ ചെയ്യാതിരുന്നത് ഗുരുതരമായ കൃത്യവിലോപമായി കണ്ട് പ്രസ്തുത കുറ്റം ചെയ്തവർക്കെതിരെ നടപടി സ്വീകരിക്കണമെന്ന് സമിതി ആവശ്യപ്പെട്ടിരുന്നു. പ്രസ്തുത നിർദ്ദേശം പാലിക്കുന്നതിനായി കൃത്യവിലോപം കാട്ടിയ സുൽത്താൻബത്തേരി സർക്കിൾ ഇൻസ്പെക്ടർ ആയിരുന്ന റ്റി.ആർ. പീതാംബരനെതിരെ വയനാട് സ്പെഷ്യൽ മൊബൈൽ ഡി.വൈ.എസ്.പി.യെ കൊണ്ട് ഒരു പ്രാഥമിക അന്വേഷണം നടത്തി ടിയാന്റെ ഭാഗത്ത് വീഴ്ചകൾ കണ്ടെത്തിയെങ്കിലും ടിയാൻ 31-1-2000 തീയതിയിൽ സർവ്വീസിൽ നിന്നും വിരമിച്ച സാഹചര്യത്തിൽ മറ്റ് വകുപ്പുതല നടപടികൾ കൈക്കൊള്ളാൻ സാധിച്ചിട്ടില്ല എന്ന വിവരം പൊലീസ് ഡയറക്ടർ ജനറൽ അറിയിച്ചിട്ടുണ്ട്.

(9-3-2011- ലെ സമിതി യോഗം അംഗീകരിച്ചു).

## ശിപാർശ 10

മാതി എന്നൊരു സ്ത്രീയെ കണ്ടെത്താനായില്ല എന്ന നിരുത്തരവാദപരമായ റിപ്പോർട്ട് നൽകിയ ഉദ്യോഗസ്ഥനെതിരെ കർശന നടപടി സ്വീകരിക്കണമെന്നും മാതിക്ക് പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പിൽ നിന്നും ലഭ്യമാക്കാൻ കഴിയുന്ന ആനുകൂല്യങ്ങൾ ലഭ്യമാക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

## ശിപാർശ 9, 10 എന്നിവയിൽ സ്വീകരിച്ച നടപടി

<u>പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പ്</u>

(16-8-2006-ലെ 22499/എഫ്3/99/പ.ജ.പ.വ.വി.വ. നമ്പർ കത്ത് പ്രകാരം ലഭ്യമാക്കിയത്)

നൂൽപ്പുഴ ഗ്രാമപഞ്ചായത്തിൽ കിടങ്ങനാട് വില്ലേജിൽ കല്ലൂർകുന്ന് കാട്ടുനായ്ക്ക കോളനിയിൽ ബസവൻ മകൾ മാതിയെ ഭീഷണിപ്പെടുത്തി ബലാൽസംഗം ചെയ്തതു സംബന്ധമായി സുൽത്താൻ ബത്തേരി പോലീസ് സ്റ്റേഷനിൽ ക്രൈം നമ്പർ സി.എസ്.105/02 നമ്പരായി കേസ് രജിസ്റ്റർ ചെയ്ത് അതിക്രമങ്ങൾ തടയൽ നിയമം 1999-ന്റെ വ്യവസ്ഥകൾ പ്രകാരം കേസിന്റെ വിചാരണ എസ്.സി.65/2003 നമ്പറായി കൽപ്പറ്റ സെഷൻസ് കോടതിയിൽ നടന്നുവരുന്നു.

അതിക്രമത്തിനിരയായ പട്ടിക വർഗ്ഗക്കാർക്ക് സാമ്പത്തിക സഹായം നൽകുന്ന പദ്ധതി പ്രകാരം ശ്രീമതി മാതിക്ക് 25,000 രൂപ 2005 ഫെബ്രുവരി മാസത്തിൽ അനുവദിച്ച് നൽകിയിട്ടുണ്ട്. ശ്രീമതി മാതിയുടെ കുഞ്ഞിന്റെ പിതൃത്വം തെളിയിക്കുന്നതിന് സ്വീകരിക്കേണ്ട നടപടികളെപ്പറ്റി അന്വേഷണം നടത്തിയിരുന്നു. കേസ്സിനിടയിൽ ഡി.എൻ.എ. ടെസ്റ്റ് നടത്തുന്നതിന് സ്പെഷ്യൽ മൊബൈൽ സ്ക്വാഡ് ഡെപ്യൂട്ടി പോലീസ് സൂപ്രണ്ട് മുഖേന നടപടി സ്വീകരിച്ചിരുന്നു. എന്നാൽ കോടതിയുടെ പരിഗണനയിലുള്ള കേസ്സിൽ ഡി.എൻ.എ. ടെസ്റ്റ് നടത്തുന്നതിന് കോടതിയുടെ ഉത്തരവ് ആവശ്യമായതിനാൽ ആയതിലേയ്ക്കായി ശ്രീമതി മാതിയെക്കൊണ്ട് ഒരു പരാതി പബ്ലിക് പ്രോസിക്യൂട്ടർ മുഖേന നൽകുന്നതിന് നടപടി സ്വീകരിച്ചിരുന്നു. എന്നാൽ ഇപ്രകാരം പ്രത്യേക ഹർജി സ്വീകരിക്കാൻ കഴിയില്ലെന്ന് പബ്ലിക് പ്രോസിക്യൂട്ടർ അറിയിച്ചതിനാലും കുട്ടിക്ക് ജീവനാംശം ലഭിക്കുന്നതിന് ഹർജി നൽകിയാൽ ഡി.എൻ.എ. ടെസ്റ്റ് നടത്തുന്നതിന് ഉത്തരവ് ലഭിക്കുന്നതാണെന്നറിഞ്ഞതിനാലും, ജില്ലാ ലീഗൽ സർവ്വീസ് അതോറിറ്റി മുമ്പാകെ ഹർജി നൽകിയിട്ടുണ്ട്.

ശ്രീമതി മാതി ഇപ്പോൾ ഭർത്താവായ ശ്രീ. ഭാസ്കരന്റെ കൂടെ ശ്രീമതി മാതിയുടെ അമ്മയുടെ വീട്ടിലാണ് താമസിക്കുന്നത്. പെട്ടെന്ന് വീട് ആവശ്യമില്ലെന്നറിയിച്ചതിനാൽ

കഴിഞ്ഞ വർഷം വീട് നിർമ്മാണത്തിന് ഗ്രാന്റ് നൽകിയിരുന്നില്ല. ഈ വർഷം അടിയ, പണിയ, പ്രാക്തന ഗോത്രവർഗ്ഗ പാക്കേജ് പദ്ധതി പ്രകാരം താഴെപ്പറയുന്ന ആനുകൂല്യങ്ങൾ നൽകാൻ ട്രൈബൽ ഡെവലപ്മെന്റ് ഓഫീസർ ജില്ലാ കളക്ടർക്ക് പ്രൊപ്പോസൽ സമർപ്പിച്ചിട്ടുണ്ട്.

| | | |
|---|---|---|
| 1. | വീട് | 75,000 രൂപ |
| 2. | കറവപ്പശു, തൊഴുത്ത് | 15,000 രൂപ |
| | ആകെ | 90,000 രൂപ |

ശ്രീമതി മാതിയുടെ കുട്ടി ഇപ്പോൾ വേലിയമ്പം പ്രീ മെട്രിക് ഹോസ്റ്റലിലെ അന്തേവാസിയായി 5-ാം ക്ലാസ്സിൽ പഠിക്കുകയാണ്.

(12-2-2007-ലെ സമിതി യോഗം അംഗീകരിച്ചു)

### ശിപാർശ 11

സമിതി ചെയർപേഴ്സൺ പ്രൊഫ. മീനാക്ഷി തമ്പാന്റെ ശ്രദ്ധ ക്ഷണിക്കലിന് മറുപടിയായി മാതിയുടെ കാര്യത്തിൽ വേണ്ടത് ചെയ്യാമെന്ന് ബഹു. ഹരിജനക്ഷേമ വകുപ്പ് മന്ത്രി ഉറപ്പ് നൽകിയിട്ടും ഈ കേസ്സ് രജിസ്റ്റർ ചെയ്ത് കുറ്റപത്രം കോടതിയിൽ സമർപ്പിക്കാതിരുന്നത് സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കണമെന്ന് സമിതി ആവശ്യപ്പെടുന്നു.

<u>സ്വീകരിച്ച നടപടി</u>

<u>ആഭ്യന്തര വകുപ്പ്</u>

(26-5-2007-ലെ 55286/എസ്.സി 2/2000/ആഭ്യന്തരം കത്ത് മുഖേന ലഭിച്ചത്.)

മാതിയുടെ പരാതിയിന്മേൽ ഉചിതമായ നടപടികൾ സത്വരം സ്വീകരിക്കാതിരുന്ന അന്നത്തെ സർക്കിൾ ഇൻസ്പെക്ടറുടെ പേരിൽ അച്ചടക്ക നടപടികൾ സ്വീകരിച്ചു വരുന്നു. ഇക്കാര്യത്തിന് ബത്തേരി പോലീസ് സ്റ്റേഷനിൽ ക്രൈം നമ്പർ 105/2001 ആയി കേസ് രജിസ്റ്റർ ചെയ്ത്, അന്വേഷണം പൂർത്തിയാക്കി ജില്ലാ സെഷൻസ് കോടതിയിൽ ചാർജ് ഷീറ്റ് ഫയൽ ചെയ്യുകയും ആയത് എസ്.സി. 176/02 നമ്പരായി വിചാരണയിൽ ഇരിക്കുന്നതുമാണ്.

(4-6-2008-ലെ സമിതി യോഗം അംഗീകരിച്ചു)

ജനറൽ ലഭ്യമാക്കിയ റിപ്പോർട്ട് പ്രകാരം ഡി.എൻ.എ. ടെസ്റ്റിന് വിധേയരാക്കുന്നത് സംബന്ധിച്ച് 5-10-2002-ൽ വയനാട് പബ്ലിക് പ്രോസിക്യൂട്ടറോട് വയനാട് പോലീസ് സൂപ്രണ്ട് നിയമോപദേശം തേടിയെങ്കിലും ഇക്കാര്യത്തിൽ പബ്ലിക് പ്രോസിക്യൂട്ടറിൽ നിന്നും 1-12-2003-ൽ കിട്ടിയ മറുപടിയിൽ ഡി.എൻ.എ. ടെസ്റ്റ് നടത്തണമെങ്കിൽ ഏതെങ്കിലും കോടതിയുടെ ഉത്തരവ് ആവശ്യമാണെന്നും നേരിട്ട് ഡി.എൻ.എ. ടെസ്റ്റ് നടത്തുവാൻ നിലവിലുള്ള നിയമപ്രകാരവും ബഹു. ഹൈക്കോടതിയുടെ 2002 (I) KLT 499 ആയുള്ള റൂളിംഗ് പ്രകാരവും സാദ്ധ്യമല്ല എന്നും നിയമോപദേശം ലഭിച്ചതുകൊണ്ടാണ് ഇക്കാര്യത്തിൽ തുടർ നടപടികൾ സ്വീകരിക്കാൻ സാധിക്കാത്തത് എന്നും അറിയിച്ചിട്ടുണ്ട്.

9-3-2011-ലെ യോഗത്തിൽ റിപ്പോർട്ട് സമിതി പരിഗണിക്കുകയും ആഭ്യന്തര വകുപ്പിൽ നിന്നും ലഭ്യമാക്കിയ മറുപടി തൃപ്തികരമല്ലെന്നും നേരിട്ട് ഡി.എൻ.എ. ടെസ്റ്റ് നടത്താൻ സാധ്യമല്ലെന്ന് പറഞ്ഞിരിക്കുന്നത് ശരിയല്ലെന്നും, ഇക്കാര്യത്തിൽ പോലീസ് സ്വീകരിച്ച നടപടി തെറ്റാണെന്നും, പ്രതികളുടെ പേരിലുള്ള നടപടി വൈകിപ്പിച്ചതിന്റേയും പ്രതികളെ വെറുതെ വിട്ടതിന്റെയും കാരണങ്ങൾ മറുപടിയിൽ പറഞ്ഞിട്ടില്ലെന്നും പോലീസുദ്യോഗസ്ഥൻമാർ പ്രതിയാകുന്ന കേസ്സുകളിൽ യാതൊരു നടപടിയും സ്വീകരിക്കാതെ അവർ റിട്ടയർ ചെയ്യുന്നതുവരെ കേസ്സുകൾ നീട്ടിക്കൊണ്ട് പോകുന്ന പ്രവണത ശരിയല്ലെന്നും റിട്ടയർ ചെയ്തതിനു ശേഷവും അവരുടെ പേരിൽ നടപടി സ്വീകരിക്കാൻ നിയമമുണ്ടെന്നും അഭിപ്രായപ്പെടുകയും ചെയ്തു.

## ശിപാർശ 13

ഹർജിക്കാരിയുടെ പരാതിയിൽപ്പറയുന്ന ഓരോ സസ്പെക്ടിന്റേയും രക്തം ഡി.എൻ.എ. ടെസ്റ്റിന് (ആദ്യം പണം കൊടുത്ത് രക്ഷപ്പെടാൻ ശ്രമിച്ചവരുടേത്) വിധേയമാക്കണമെന്നും പിതൃത്വം തെളിയിക്കുന്ന പക്ഷം പ്രതിയിൽ നിന്നും ടെസ്റ്റിന്റെ ചെലവ് ഈടാക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

<u>സ്വീകരിച്ച നടപടി</u>

<u>ആഭ്യന്തര വകുപ്പ്</u>

(26-5-2007-ലെ 55286/എസ്.സി.2/2000/ആഭ്യ. കത്ത് മുഖേന ലഭ്യമാക്കിയത്).

വയനാട് പബ്ലിക് പ്രോസിക്യൂട്ടറുടെ നിയമോപദേശത്തിന്റെ അടിസ്ഥാനത്തിൽ ടെസ്റ്റ് നടത്തിയിരുന്നില്ല. എന്നാൽ തുടർന്ന് ഇക്കാര്യത്തിൽ എന്തു നടപടി സ്വീകരിച്ചുവെന്ന് അന്വേഷിച്ച് റിപ്പോർട്ട് നൽകുവാൻ ഡി.ജി.പി.യ്ക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

(4-6-2008- ലെ സമിതി യോഗം അംഗീകരിച്ചു).

## ശിപാർശ 12

അഡീഷണൽ ഡയറക്ടർ ജനറൽ ഓഫ് പ്രോസിക്യൂഷൻ ലഭ്യമാക്കിയ അന്വേഷണ റിപ്പോർട്ടിൽ "In this case of Madhi, there is no mention about the person suspected to be the father of her child. Without at least obtaining the suspected names, it is impossible to conduct DNA test as claimed by Smt. Meenakshy Thamban or as assured by the Minister of Harijan Welfare" . എന്ന പറഞ്ഞിരിക്കുന്നത് സത്യ വിരുദ്ധവും തെറ്റിദ്ധരിപ്പിക്കുന്നതുമാണെന്ന് സമിതി ചൂണ്ടിക്കാണിക്കുകയും മാതിയുടെ ഹർജിയിൽ വയലിൽ മത്തായി മകൻ ജോസഫ്, മരങ്ങാട്ടുകര തോമസ് മകൻ ബാബു, പരത്തുവയലിൽ പി. ജെ. തോമസ്, എടത്തേക്കടി കൃഷ്ണൻ മകൻ ഷാജി, വാഴക്കടി കൃഷ്ണൻ മകൻ വാസു എന്നിവരാണ് ഇതിനുത്തരവാദികളെന്ന് പറഞ്ഞിരിക്കുന്ന സാഹചര്യത്തിൽ മന്ത്രി ഉറപ്പ് നൽകിയിരുന്നതുപോലെ ഡി.എൻ.എ.ടെസ്റ്റ് നടത്തുന്നതിനുള്ള നടപടി സ്വീകരിക്കാതിരുന്നതെന്തുകൊണ്ടാണെന്ന് രണ്ടാഴ്ചയ്ക്കുള്ളിൽ അറിയിക്കണമെന്ന് സമിതി ആവശ്യപ്പെടുന്നു.

<u>സ്വീകരിച്ച നടപടി</u>

<u>ആഭ്യന്തര വകുപ്പ്</u>

(26-5-2007-ലെ 55286/എസ്.സി.2/2000/ആഭ്യ. കത്ത് മുഖേന ലഭ്യമാക്കിയത്.)

പബ്ലിക് പ്രോസിക്യൂട്ടറുടെ നിയമോപദേശത്തിന്റെ അടിസ്ഥാനത്തിൽ, മേൽ നടപടികൾ സ്വീകരിച്ചില്ല എങ്കിലും പിന്നീട് ഇക്കാര്യത്തിൽ എന്തെങ്കിലും നടപടി സ്വീകരിച്ചോ എന്ന് ഡി.ജി.പി.യോട് ആരാഞ്ഞിട്ടുണ്ട്.

<u>അധികവിവരം</u>

4-6-2008-ലെ യോഗത്തിൽ പരിഗണിക്കുകയും വ്യക്തമായ മറുപടി ലഭ്യമാക്കണമെന്ന് ആവശ്യപ്പെടുകയും ചെയ്തു.

**അധിക വിവരത്തിന്മേലുള്ള മറുപടി**

<u>ആഭ്യന്തര വകുപ്പ്</u>

(4-1-2010-ലെ 55280/എസ്.സി2/2000/ആഭ്യ. നമ്പർ കത്ത് പ്രകാരം ലഭ്യമാക്കിയത്)

ശിപാർശ 12 പ്രകാരം മാതിയുടെ ഹർജിയിൽ ടിയാളെ പീഡനത്തിനു വിധേയമാക്കിയവരെക്കുറിച്ച് പറഞ്ഞിരിക്കുന്ന സാഹചര്യത്തിൽ ടിയാളുകൾക്കെതിരെ നടപടി സ്വീകരിക്കാതിരുന്നതെന്തുകൊണ്ടാണെന്ന് ആരാഞ്ഞിരുന്നു. പോലീസ് ഡയറക്ടർ

**ശിപാർശ 14**

പിതൃത്വം തെളിയിക്കപ്പെടുന്ന സാഹചര്യത്തിൽ സി.ആർ.പി.സി. യുടെ 125-ാം വകുപ്പ പ്രകാരം കുട്ടിയുടെ പിതാവ് കുട്ടിയ്ക്ക് മെയിന്റനൻസ് (നിയമപ്രകാരം വിവാഹം കഴിച്ചില്ലെങ്കിൽ കൂടി) കൊടുക്കവാൻ ബാദ്ധ്യസ്ഥനാകയാൽ അയാൾക്ക് നിയമത്തിന്റെ മുൻപിൽ നിന്നും രക്ഷപ്പെടാൻ കഴിയില്ലഎന്ന വസ്തുത കണക്കിലെടുത്ത് ഒരു സാഹചര്യത്തിലും പരാതി സംബന്ധിച്ച കേസ് രജിസ്റ്റർ ചെയ്യാതിരിക്കരുതെന്ന് സമിതി ശക്തമായി ശിപാർശ ചെയ്യുകയും ഇതിൽ വീഴ്ച വരുത്തുന്നവർക്കെതിരെ കർശന നടപടി സ്വീകരിക്കണമെന്നാവശ്യപ്പെടുകയും ചെയ്യുന്നു.

<u>സ്വീകരിച്ച നടപടി</u>

<u>ആഭ്യന്തര വകുപ്പ്</u>

(26-5-2007-ലെ 55286/എസ്.സി2/2000/ആഭ്യ. നമ്പർ കത്ത് പ്രകാരം ലഭ്യമാക്കിയത്.)

ഇക്കാര്യത്തിൽ ബത്തേരി പോലീസ് സ്റ്റേഷനിൽ ക്രൈം നമ്പർ 105/2001 ആയി കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം പൂർത്തിയാക്കി വയനാട് ജില്ലാ സെഷൻസ് കോടതിയിൽ ചാർജ് ഷീറ്റ് സമർപ്പിക്കുകയും ആയത് എസ്.സി. 176/02 ആയി ഫയലിൽ സ്വീകരിച്ച് നടപടി തുടങ്ങിയിട്ടുള്ളതുമാണ്.

<u>അധിക വിവരം</u>

4-6-2008 ലെ സമിതി യോഗം മറുപടി പരിഗണിക്കുകയും സ്ത്രീപീഡനകേസ്സുകളിൽ പിതൃത്വം തെളിയിക്കപ്പെടുന്ന സാഹചര്യത്തിൽ CRPC യുടെ 125-ാം വകുപ്പ് പ്രകാരം കുട്ടിയുടെ പിതാവ് കുട്ടിയ്ക്ക് മെയിന്റനൻസ് കൊടുക്കവാൻ ബാദ്ധ്യസ്ഥനാകയാൽ, ഒരു സാഹചര്യത്തിലും പരാതി സംബന്ധിച്ച കേസ്സ് രജിസ്റ്റർ ചെയ്യാതിരിക്കരുതെന്നും ഇതിൽ വീഴ്ച വരുത്തുന്നവർക്കെതിരെ കർശന നടപടി സ്വീകരിക്കണമെന്നും ആവശ്യപ്പെടുകയും ചെയ്യു

<u>അധിക വിവരത്തിന്മേലുള്ള മറുപടി</u>

(19-11-2010-ലെ 55280/എസ്.സി2/2000/ആഭ്യ. നമ്പർ കത്ത് പ്രകാരം ലഭ്യമാക്കിയത്)

പ്രസ്തുത വിഷയത്തിൽ സമിതി നിർദ്ദേശം പാലിക്കുവാൻ പോലീസ് ഡയറക്ടർ ജനറലിന് ഈ വകുപ്പിൽ നിന്നും കർശന നിർദ്ദേശം നൽകിയതിന്റെ അടിസ്ഥാനത്തിൽ പോലീസ് ഡയറക്ടർ ജനറൽ ലഭ്യമാക്കിയ മറുപടിയിൽ ഇത്തരം സംഭവങ്ങളിൽ നിർബന്ധമായും കേസ്സ് രജിസ്റ്റർ ചെയ്യുവാനും ആയതിൽ വീഴ്ച വരുത്തുന്നവർക്കെതിരെ കർശനമായ വകുപ്പുതല അച്ചടക്ക നടപടികൾ സ്വീകരിക്കുവാനും ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകിയിട്ടുണ്ടെന്ന് പോലീസ് ഡയറക്ടർ ജനറൽ അറിയിച്ചിട്ടുള്ള വിവരം സമിതി മുമ്പാകെ ബോധിപ്പിക്കുന്നു.

(9-3-2011-ലെ സമിതി യോഗം റിപ്പോർട്ട് അംഗീകരിച്ചു.)

## ശിപാർശ 15

സമിതി (1992-1993) യുടെ ഒന്നാമത് റിപ്പോർട്ടിൽ മാതിയുടെ കേസ് പരാമർശിച്ചിരുന്നതിന് മറുപടിയായി പട്ടികജാതി-പട്ടികവർഗ്ഗ വികസന വകുപ്പിൽ നിന്നും ലഭിച്ച മറുപടിയിൽ " അന്വേഷണത്തിൽ മാതി എന്ന പേരുള്ള അവിവാഹിത അമ്മയെ ഇതുവരെ കണ്ടെത്താൻ കഴിഞ്ഞില്ല, ഇക്കാര്യം ജില്ലാ കളക്ടറുടെ ശ്രദ്ധയിൽപ്പെടുത്തി നടപടി ത്വരിതപ്പെടുത്തുന്നതാണ്" എന്ന് പറഞ്ഞിരിക്കുന്നു. വയനാട് ഡെപ്യൂട്ടി പോലീസ് സൂപ്രണ്ട് പരാതിക്കാരിയെ ചോദ്യം ചെയ്തപ്പോൾ, പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പ് മാതിയെ കാണുന്നതേയില്ല. നിരുത്തരവാദപരമായ ഇത്തരം റിപ്പോർട്ട് സമിതിക്ക് നൽകിയതിനെതിരെ ശക്തമായ നടപടി സ്വീകരിക്കണമെന്ന് സമിതി ആവർത്തിച്ച് ആവശ്യപ്പെടുന്നു.

<u>സ്വീകരിച്ച നടപടി</u>

<u>പട്ടികജാതി പട്ടകവർഗ്ഗ വികസന വകുപ്പ്</u>

(24-9-2019-ലെ 282/പി.എം. 1/2019/പ.ജ.പ.വ.വി.വ. നമ്പർ കത്ത് പ്രകാരം ലഭ്യമാക്കിയത്)

നൂൽപ്പുഴ ഗ്രാമപഞ്ചായത്തിലെ കല്ലൂർകുന്ന് കാട്ടുനായ്ക്ക കോളനിയിലാണ് മാതി താമസിക്കുന്നത്. ടിയാളെ 2001-ൽ കാണാതാവുകയും പിന്നീട് ടിയാൾ തിരിച്ചുവരികയും ചെയ്തതായി വിവരം ലഭിച്ചിട്ടുണ്ട്. കാട്ടുനായ്ക്ക വിഭാഗത്തിൽപ്പെട്ട മാതി ഇപ്പോൾ ഭാസ്കരൻ എന്നയാളെ വിവാഹം കഴിച്ച് കുടുംബമായി താമസിച്ചു വരുന്നു. ആദ്യത്തെ കുട്ടിയുൾപ്പെടെ ഇവർക്ക് 4 പെൺമക്കളാണ് ഉള്ളത്. മൂത്തമകളുടെ വിവാഹം കഴിഞ്ഞു. മറ്റ് 3 പേരും വിദ്യാർത്ഥികളാണ്. ഇവർക്ക് വാസയോഗ്യമായ വീടുണ്ട്. കൂലിപ്പണി ചെയ്താണ് ഇവർ ഉപജീവനം നടത്തുന്നത്.

(30-9.-2019-ലെ സമിതി യോഗം അംഗീകരിച്ചു)

## ശിപാർശ 16

ആഭ്യന്തര വകുപ്പിൽ നിന്നും 3-6-1995-ൽ സമിതിയ്ക്ക് ലഭ്യമാക്കിയ റിപ്പോർട്ടിൽ പറഞ്ഞിരിക്കുന്ന ന്യായീകരണം "മാതി ബലാൽസംഗം ചെയ്തതായി പരാതിപ്പെട്ടിട്ടില്ല" എന്നത് തികച്ചും ക്രൂരവും അന്യായവുമാണ് എന്ന് സമിതി ചൂണ്ടിക്കാണിക്കുകയും സംശയത്തിന്റെ ആനുകൂല്യം നൽകി പ്രതികളെ രക്ഷിക്കാനുള്ള ശ്രമം ആവർത്തിക്കരുതെന്ന് ആവശ്യപ്പെടുകയും ചെയ്യുന്നു.

<u>സ്വീകരിച്ച നടപടി</u>

<u>ആഭ്യന്തര വകുപ്പ്</u>

(26-5-2007-ലെ 55286/എസ്.സി2/2000/ആഭ്യ. നമ്പർ കത്ത് പ്രകാരം ലഭ്യമാക്കിയത്)

ഇക്കാര്യത്തിന് ബത്തേരി പോലീസ് സ്റ്റേഷനിൽ ക്രൈം കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണവും മേൽ നടപടികളും പൂർത്തിയാക്കി വയനാട് ജില്ലാ സെഷൻസ് കോടതിയിൽ ചാർജ് ഷീറ്റ് സമർപ്പിക്കുകയും ആയത് 176/02 ആയി ഫയലിൽ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. പബ്ലിക് പ്രോസിക്യൂട്ടറുടെ നിയമോപദേശത്തിന്റെ വെളിച്ചത്തിൽ സ്വീകരിച്ച നടപടി സർക്കാരിലേയ്ക്ക് റിപ്പോർട്ട് ചെയ്യുവാൻ ഡി.ജി.പി. നിർദ്ദേശിച്ചിട്ടുണ്ട്.

റിപ്പോർട്ട് 4-6-2008-ലെ യോഗം പരിഗണിക്കുകയും വ്യക്തമായ മറുപടി നൽകണമെന്ന് ആഭ്യന്തര വകുപ്പിനോട് നിർദ്ദേശിക്കുകയും ചെയ്തു.

<u>അധിക വിവരത്തിന്മേലുള്ള മറുപടി</u>

(19-11-2010-ലെ 55286/എസ്.സി.2/2000/ആഭ്യ. നമ്പർ കത്തു പ്രകാരം ലഭ്യമാക്കിയത്)

ശ്രീമതി മാതിയുടെ കേസുമായി ബന്ധപ്പെട്ട് ടിയാൾ ബലാൽസംഗത്തിനിരയായിട്ടും പരാതി നൽകിയില്ലെന്ന കാരണത്താൽ സംശയത്തിന്റെ ആനുകൂല്യം നൽകി പ്രതികളെ രക്ഷിക്കുവാനുള്ള ശ്രമം ആവർത്തിക്കരുതെന്ന് ആവശ്യപ്പെട്ടിരുന്നു. പ്രസ്തുത ശിപാർശയ്ക്ക് മറുപടിയായി ഇത്തരം കേസുകൾ കൈകാര്യം ചെയ്യുമ്പോൾ പരാതി നൽകിയില്ലായെന്നുള്ള ഒറ്റക്കാരണത്താൽ പ്രതികൾ രക്ഷപ്പെടുന്ന സാഹചര്യം ഉണ്ടാകരുതെന്നും കുറ്റക്കാരെ നിയമത്തിന്റെ മുന്നിൽ കൊണ്ടുവരാനുള്ള നടപടികൾ സ്വീകരിക്കണമെന്നും ബന്ധപ്പെട്ട എല്ലാ ഉദ്യോഗസ്ഥർക്കും കർശന നിർദ്ദേശം നൽകിയിട്ടുണ്ടെന്ന് പോലീസ് ഡയറക്ടർ ജനറൽ റിപ്പോർട്ട് ചെയ്തിട്ടുള്ള വിവരവും സമിതി മുമ്പാകെ ബോധിപ്പിക്കുന്നു.

(9.-3-2011-ലെ സമിതി യോഗം അംഗീകരിച്ചു)

## <u>ശിപാർശ 17</u>

ശ്രീമതി മാതി അധികാരസ്ഥാനത്ത് തന്നെ മാനഭംഗപ്പെടുത്തിയതായി പരാതിപ്പെട്ടിരുന്നില്ലെങ്കിൽ തന്നെയും സമിതി മുഖേന സമർപ്പിച്ച പരാതിയുടെ അടിസ്ഥാനത്തിൽ കേസ് രജിസ്റ്റർ ചെയ്ത് നടപടി സ്വീകരിക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു.

<u>സ്വീകരിച്ച നടപടി</u>

<u>ആഭ്യന്തര വകുപ്പ്</u>

(26-5-2007-ലെ 55280/എസ്.സി.2/2000/ആഭ്യ. നമ്പർ കത്ത് പ്രകാരം ലഭ്യമാക്കിയ റിപ്പോർട്ട്)

കേസ് രജിസ്റ്റർ ചെയ്ത് മേൽ നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

4-6-2008-ലെ യോഗം റിപ്പോർട്ട് പരിഗണിക്കുകയും ശിപാർശ 17, 18 എന്നിവ സംബന്ധിച്ച് സ്വീകരിച്ച മേൽ നടപടികൾ വ്യക്തമായി സമിതിക്ക് ലഭ്യമാക്കണമെന്ന് നിർദ്ദേശിക്കുകയും ചെയ്തു.

**ശിപാർശ 18**

ശ്രീമതി മാതിയുടെ പരാതിയിലും മാനന്തവാടി ഡെപ്യൂട്ടി സൂപ്രണ്ടിന്റെ അന്വേഷണ റിപ്പോർട്ടിലും, മാതിയെ മാനഭംഗപ്പെടുത്തിയവരുടെ വിവരങ്ങൾ ഉണ്ടായിരുന്നിട്ടും മാതിയുടെ ഗർഭത്തിന് ഉത്തരവാദിയായവരെക്കുറിച്ചുള്ള ഐഡന്റിറ്റി അറിയില്ലെന്ന് പറയുന്നത് ശരിയല്ലെന്നും മാനന്തവാടി ഡെപ്യൂട്ടി പോലീസ് സൂപ്രണ്ടിന്റെ റിപ്പോർട്ടിൽ പ്രതികളാണെന്ന് ചൂണ്ടിക്കാട്ടിയവർക്കെതിരെ മാതൃകാപരമായ നിയമാനുസൃത നടപടി സ്വീകരിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

**ശിപാർശ 17, 18**

<u>സ്വീകരിച്ച നടപടി (അധിക വിവരം)</u>

<u>ആഭ്യന്തര വകുപ്പ്</u>

(14-1-2010-ലെ 55280/എസ്.സി2/2000/ആഭ്യ. നമ്പർ കത്ത് പ്രകാരം ലഭ്യമാക്കിയത്)

ശിപാർശ 17-ഉം 18-ഉം പ്രകാരം ശ്രീമതി മാതി അധികാര സ്ഥാനത്ത് പരാതിപ്പെട്ടിരുന്നില്ലെങ്കിൽ തന്നെയും കേസ്സ് രജിസ്റ്റർ ചെയ്ത് നടപടി സ്വീകരിക്കാനും പ്രതികൾക്കെതിരെ മാതൃകാപരമായ നടപടി സ്വീകരിക്കാനും ആവശ്യപ്പെട്ടിരുന്നു. പ്രസ്തുത ശിപാർശയ്ക്ക് പോലീസ് ഡയറക്ടർ ജനറൽ ലഭ്യമാക്കിയ റിപ്പോർട്ട് പ്രകാരം പരാതിക്കാരിയെ ബലാൽസംഗത്തിന് വിധേയമാക്കി ഗർഭിണിയാക്കിയവർക്കെതിരെ സുൽത്താൻ ബത്തേരി പോലീസ് സ്റ്റേഷനിൽ ക്രൈം 105/01 u/s 376, 508(i) I PC യും Section 3(2)(v) ആയുള്ള Scheduled Castes/ Scheduled Tribes Prevention of Atrocities 1989 Act പ്രകാരം കേസ്സ് രജിസ്റ്റർ ചെയ്യുകയും പ്രതികളായ ഷാജി, കുഞ്ഞ് എന്ന ജോസഫ് എന്നിവരെ 8-6-2001, 8-10-2001 എന്നീ തീയതികളിൽ അറസ്റ്റ് ചെയ്ത് കേസന്വേഷണം പൂർത്തിയാക്കി വയനാട് ജില്ലാ സെഷൻസ് കോടതിയിൽ ചാർജ്ജ്ഷീറ്റ് സമർപ്പിക്കുകയും (SC 76/02) കോടതി വിചാരണയ്ക്ക് ശേഷം CRPC 232 പ്രകാരം പ്രതികളെ വെറുതെ വിട്ടിട്ടുള്ളതുമാണ്.

(റിപ്പോർട്ട് 9-3-2011-ലെ യോഗം പരിഗണിച്ചു).

## അന്തിമ റിപ്പോർട്ട് (ശിപാർശ 12, 17, 18)

ആഭ്യന്തര വകുപ്പ്

(1-12-2017-ലെ എസ്.സി 2/136/2017/ആഭ്യന്തരം നമ്പർ കത്ത് പ്രകാരം ലഭ്യമാക്കിയത്)

ആദിവാസി വിഭാഗത്തിൽപ്പെട്ട ശ്രീമതി മാതിയുടെ പരാതി പ്രകാരം 2-3-2001 തീയതി സുൽത്താൻ ബത്തേരി പോലീസ് സ്റ്റേഷനിൽ ക്രൈം നമ്പർ 105/01 U/S 376, 506(1) I PC & Section. 3(1) X, 3(2) V of SC/ST (POA) Act 1989 ആയി രജിസ്റ്റർ ചെയ്ത കേസ് ജില്ലാ സ്പെഷ്യൽ മൊബൈൽ സ്ക്വാഡ് ഡെപ്യൂട്ടി പോലീസ് സൂപ്രണ്ട് അന്വേഷണം നടത്തിയിട്ടുള്ളതാണ്. അന്വേഷണത്തിൽ ഷാജി, കഞ്ഞ് എന്നീ പ്രതികളുടെ പേരിൽ കുറ്റപത്രം തയ്യാറാക്കി 27-11-2001 തീയതി ഒന്നാം പ്രതി ഷാജിക്കെതിരെയും 18-12-2001 തീയതി രണ്ടാം പ്രതി കഞ്ഞിനെതിരെയും കുറ്റപത്രം ബഹു. കോടതി മുമ്പാകെ സമർപ്പിച്ചിരുന്നതാണ്. വിചാരണ വേളയിൽ പരാതിക്കാരിയായ ശ്രീമതി മാതി, മാതിയുടെ അമ്മ എന്നിവർ ഉൾപ്പെടെയുള്ള പ്രോസിക്യൂഷൻ സാക്ഷികൾ കൂറുമാറിയിട്ടുള്ളതും എസ്.സി. 176/02 പ്രകാരം ഒന്നാം പ്രതിയേയും എസ്.സി. 65/03 പ്രകാരം രണ്ടാം പ്രതിയെയും ഒരുമിച്ച് വിചാരണ നടത്തി ബഹു. കോടതി സെക്ഷൻ 232 CrPC പ്രകാരം 16-8-2006 തീയതി രണ്ടു പ്രതികളെയും വെറുതെ വിട്ടിട്ടുള്ളതുമാണ്.

ശ്രീമതി മാതിയുടെ മകളുടെ പിതൃത്വം തെളിയിക്കുന്നതിന് ഡി.എൻ.എ. ടെസ്റ്റ് നടത്തുവാൻ ബഹു. നിയമസഭാ സമിതി നിർദ്ദേശിച്ചിരുന്നു. എന്നാൽ ബഹു. കോടതി പ്രതികളെ വെറുതെ വിട്ട സാഹചര്യത്തിൽ ബഹു. കോടതിയുടെ അനുമതിയോടുകൂടി മാത്രമേ ഡി.എൻ.എ. ടെസ്റ്റ് നടത്തുവാൻ സാധിക്കുകയുള്ളു എന്നതിനാൽ അന്വേഷണ ഉദ്യോഗസ്ഥൻ ഇക്കാര്യത്തിന് നിയമോപദേശം തേടിയിട്ടുള്ളതാണ്. കേസും കേസിന്റെ അന്തിമ വിധിയും വിശദമായി പരിശോധിച്ച സ്പെഷ്യൽ പബ്ലിക് പ്രോസിക്യൂട്ടർ, പോലീസിനോ മറ്റേതെങ്കിലും ഏജൻസികൾക്കോ ഡി.എൻ.എ. ടെസ്റ്റ് നടത്തുന്നതിന് ഇടപെടുവാൻ നിയമപരമായ അവകാശമില്ല എന്ന് അറിയിച്ചിട്ടുള്ളതും, പരാതിക്കാരിക്ക് ആവശ്യമെങ്കിൽ U/S 125 Crpc പ്രകാരം ജീവനാംശത്തിന് ബഹു.കോടതിയെ സമീപിക്കാമെന്നും അറിയിച്ചിട്ടുള്ളതാണ്. പ്രസ്തുത ആവശ്യത്തിന് ഡി.എൻ.എ. ടെസ്റ്റ് നടത്തുവാനും ജീവനാംശം ലഭിക്കുവാനും പരാതിക്കാരിക്ക് ആവശ്യപ്പെടാമെങ്കിലും പരാതിക്കാരി നാളിതുവരെ അത്തരത്തിൽ പ്രവർത്തിച്ചിട്ടില്ലാത്തതാണ്.

മേൽ കാര്യത്തിൽ പോലീസ് വകുപ്പിന് തുടർനടപടികൾ സ്വീകരിക്കുവാൻ നിർവ്വാഹമില്ല എന്നും പോലീസിന്റെ ഭാഗത്തു നിന്നുമുണ്ടായ വീഴ്ച മൂലമല്ല പ്രതികൾ ശിക്ഷിക്കപ്പെടാതിരുന്നതും ആയതുകൊണ്ടുതന്നെ ഈ കേസിൽ അപ്പീൽ ഫയൽ ചെയ്യുവാനോ മറ്റ് നടപടികൾ സ്വീകരിക്കുവാനോ പോലീസ് വകുപ്പിന് സാധിക്കുകയില്ല എന്നും വയനാട് ജില്ലാ പോലീസ് മേധാവി റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

(22-10-2019-ലെ സമിതി യോഗം അംഗീകരിച്ചു)

## ശിപാർശ 19

ആദിവാസി പെൺകുട്ടികളെ ബോധവൽക്കരിക്കുന്നതിനും അവരുടെ സാമ്പത്തിക നില മെച്ചപ്പെടുത്തുന്നതിനുമുള്ള ഒരു സമഗ്ര പദ്ധതി സമയ ബന്ധിതമായി ആവിഷ്കരിച്ച് നടപ്പാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

### സ്വീകരിച്ച നടപടി

പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പ്

(24-9-2019-ലെ 282/പി.എം. 1/2019/പ.ജ.പ.വ.വി.വ. നമ്പർ കത്ത് പ്രകാരം ലഭ്യമാക്കിയത്)

പട്ടികവർഗ്ഗ പെൺകുട്ടികൾക്കായി സ്വയം തൊഴിൽ കണ്ടെത്തുന്നതിന് സ്വയം തൊഴിൽ പദ്ധതി ആരംഭിച്ചിട്ടുണ്ട്. സാങ്കേതിക വിദ്യയിൽ തൊഴിൽ പരിശീലനം നൽകിക്കൊണ്ട് സാങ്കേതികമായി പ്രവർത്തിക്കുന്ന മേഖലകളിൽ തൊഴിൽ ലഭ്യമാക്കുന്നതിന് അവസരങ്ങൾ സൃഷ്ടിച്ചിട്ടുണ്ട്. വസ്ത്രനിർമ്മാണത്തിൽ ഇതിന്റെ ഭാഗമായി അട്ടപ്പാടിയിൽ അപ്പാരൽ പാർക്ക് ആരംഭിച്ചിട്ടുണ്ട്. ആയുർവേദ ടൂറിസം മേഖലകളിൽ ഉണ്ടാകുന്ന ജോലികൾ ലഭിക്കുന്നതിനായി ആയുർവേദിക് തെറാപ്പി കോഴ്സ്, ഫാഷൻ ടെക്നോളജി രംഗത്തുള്ള തൊഴിലുകൾ ലഭിക്കുന്നതിന് കിൻഫ്ര എന്ന സർക്കാർ സ്ഥാപനത്തിലൂടെ ടെക്നോളജി കോഴ്സുകളിൽ പരിശീലനം, ഫയർ & സേഫ്റ്റി എന്ന ഉന്നത സാങ്കേതികവിദ്യ ആവശ്യമായ മേഖലകളിൽ ജോലിലഭിക്കുന്നതിന് കെൽട്രോൺ എന്ന സർക്കാർ സ്ഥാപനം വഴി ഫയർ & സേഫ്റ്റി കോഴ്സുകളിൽ പരിശീലനം, ടൂറിസം രംഗത്തെ ജോലികൾ ലഭിക്കുന്നതിന് കേന്ദ്ര സർക്കാർ സ്ഥാപനമായ കോളേജ് ഓഫ് ഹോട്ടൽ മാനേജ്മെന്റ് വഴി കാറ്ററിംഗ് കോഴ്സ് പരിശീലനം, പ്ലാസ്റ്റിക് അധിഷ്ഠിതമായ ഉത്പന്നങ്ങൾ ഉണ്ടാക്കുന്നതിന് Centre for Bioploymer Science and Technology, കൊച്ചി എന്നീ സ്ഥാപനങ്ങൾ വഴി പരിശീലനം നൽകി വരുന്നു. കൂടാതെ പട്ടികവർഗ്ഗ മേഖലകളിൽ മേൽപ്പറഞ്ഞ വിഷയങ്ങളിൽ സർക്കാർ നടപ്പിലാക്കുന്ന വിവിധ പരിപാടികളെ സംബന്ധിച്ച് അവബോധം നൽകുന്നതിനായി വനിതകളെ എസ്.റ്റി. പ്രൊമോട്ടറായും നിയമിച്ചുവരുന്നു.

(30-9-2019-ലെ സമിതി യോഗം അംഗീകരിച്ചു).

പി. അയിഷാ പോറ്റി,

*അദ്ധ്യക്ഷ,*

*സ്ത്രീകളുടെയും ട്രാൻസ്ജെന്ററുകളുടെയും കുട്ടികളുടെയും ഭിന്നശേഷിക്കാരുടെയും ക്ഷേമം സംബന്ധിച്ച സമിതി.*

തിരുവനന്തപുരം,
2021 ജനുവരി 12.

അനുബന്ധം I

# PRIMARY HEALTH CENTRES AS ON 1-4-1998

| District | Name of Institutions | Taluk |
|---|---|---|
| 1 | 2 | 3 |
| Thiruvananthapuram | Kunnathukal | Neyyattinkara |
| | Poozhanad | Neyyattinkara |
| | Pozhiyoor | Neyyattinkara |
| | Malayadi | Nedumangad |
| | Tholicode | Nedumangad |
| | Peringamala | Nedumangad |
| Pathanamthitta | Ranni Pazhavangadi | Ranni |
| | Chittar | Ranni |
| | Angamoozhi | Ranni |
| Alappuzha | Kumarapuram | Karthikappally |
| | Mananchery (TC) | Ambalappuzha |
| Kottayam | Nedumkunnam | Changanasserry |
| | Koottikkal | Kanjirappally |
| | Karikattoor (TC) | Kanjirappally |
| | Parathanam | Kanjirappally |
| | Poonjar | Meenachil |
| | Thalanad | Meenachil |
| | Moonilavu | Meenachil |

| 1 | 2 | 3 |
|---|---|---|
| Idukki | Arakulam | Thodupuzha |
| | Kudayathoor | Thodupuzha |
| | Thattakuzha | Thodupuzha |
| | Poochapra | Thodupuzha |
| | Konnathady | Udumbanchola |
| | Deviyar Colony | Devikulam |
| | Kanthalloor | Devikulam |
| | Vattavada | Devikulam |
| | Mob. Disp. Munnar | Devikulam |
| Ernakulam | Valanthacaud (Tribal) | Kanayi |
| | Ayyankari (Tribal) | Aluva |
| Thrissur | Vaniampara | Thrissur |
| | Perumbilavu | Thalappally |
| Palakkad | Perumatty | Chittur |
| | Prambikkulam | Chittur |
| Malappuram | Odakkayam | Eranad |
| | Urangathiri | Eranad |
| | Pothukal | Nilambur |
| | Edakkara | Nilambur |
| | Chaliyar | Nilambur |
| | Moothadam Colony (Tribal) | Nilambur |

| 1 | 2 | 3 |
|---|---|---|
| Kozhikode | Pudupady | Kozhikode |
| | Kodencherry | Kozhikode |
| | Koorachundu | Koyilandy |
| | Vayalada | Koyilandy |
| | Naripetta | Badagara |
| | Kundathode | Badagara |
| Wayanad | Padinjarathara | Vythiri |
| | Kottathara | Vythiri |
| | Varadur | Vythiri |
| | Chulliyode | Sulthan Bathery |
| | Pakkom | Sulthan Bathery |
| | Kurukkamoola | Mananthavady |
| | Edavaka | Mananthavady |
| Kannur | Kottiyoor | Thalassery |
| | Pattiam Cheruvancherry | Thalassery |
| | Kelakom | Thalassery |
| | Peruva | Thalassery |

| 1 | 2 | 3 |
|---|---|---|
| | Kanichar | Thalassery |
| | Tripangottur | Thalassery |
| | Angadi Kadavu | Thalassery |
| | Malur | Thalassery |
| | Pariyaram | Thaliparambu |
| | GRD Malapattam | Thaliparambu |
| Kasargod | Panathur | Hosdurg |
| | Mavilakadapuram | Hosdurg |
| | Bendadka | Kasargod |
| | Perla | Kasargod |
| | Mulleriya | Kasargod |
| | Beyar | Kasargod |
| | Bediadka | Kasargod |
| | Bellur | Kasargod |
| | Vaninagar | Kasargod |